**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1456** **13.07.2016-ൽ മറുപടിയ്ക്ക്**

**പാരാമെഡിക്കൽ ജീവനക്കാരുടെ അപര്യാപ്തത**

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | പാരാമെഡിക്കൽ ജീവനക്കാരുടെ വിവിധ സേവനങ്ങൾ സർക്കാർ ആശുപത്രികളിൽ ആവശ്യനുസരണം ലഭിക്കാത്തതിനാൽ രോഗികൾ സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | സർക്കാർ ആശുപത്രികളിൽ നിലവിലുള്ള ജീവനക്കാരെക്കൊണ്ട് കഴിയുന്നത്ര സേവനങ്ങൾ നൽകുന്നുണ്ട്. പാരാമെഡിക്കൽ ജീവനക്കാരുടേതടക്കം തസ്തികകൾ ലഭ്യമാക്കി സേവനം നൽകുന്നുണ്ട്. നിലവിൽ കേരളത്തിൽ വലിയൊരു വിഭാഗം ജനങ്ങൾ ചികിത്സയ്ക്ക് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന സ്ഥിതി വിശേഷം നിലവിലുണ്ട്. ജീവനക്കാരുടെ സേവനക്കുറവുമൂലം രോഗികൾ സ്വകാര്യ സ്ഥാപനങ്ങളുടെ ചൂഷണത്തിന് വിധേയമാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി | ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | ബി | സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ജീവനക്കാരുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്വകാര്യ ആശുപത്രികളുടെ രജിസ്ട്രേഷൻ, റെഗുലേഷൻ, അക്രിഡിറ്റേഷൻ കാര്യങ്ങൾക്കായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ആഫീസർ